"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി താര എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നം.1630/2016 മേലുള്ള 27/08/2019 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.1236/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1. 29.05.2013 തീയതിയിലെ സ.ഉ(എം.എസ്) നം.199/2013/ത.സ്വ.ഭ.വ

2. ശ്രീമതി താര എസ് 11.07.2016 തീയതിയായി സമർപ്പിച്ചിട്ടുള്ളനിവേദനം (അനക്ഷർ-എ5)

3. 01.07.2011 തീയതിയിലെ സ.ഉ(എം.എസ്) നം.21/2011/ഉ.ഭ.പ.വ

4. 29.08.2013 തീയതിയിലെ സ.ഉ(എം.എസ്) നം.24/2013/ഉ.ഭ.പ.വ

5. ശ്രീമതി താര എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ നം.1630/2016 മേലുള്ള 27/08/2018 ലെ അന്തിമ വിധിന്യായം

6. നഗരകാര്യ ഡയറക്ടറുടെ 31/01/2020 തീയതിയിലെ ഇ4/25176/2019 നമ്പർ കത്ത്.

ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി താര എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത 1630/2016 മേലുള്ള പരാമർശം (5) പ്രകാരമുള്ള അന്തിമ വിധിന്യായത്തിൽ, പരാമർശം (2) പ്രകാരമുള്ള അനക്ഷർ - എ5 നിവേദനത്തിന്മേൽ നിയമാനുസരണം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി താര എസ് പരാമർശം(2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ചിരുന്നു.

3. തിരുവനന്തപുരം നഗരസഭയിൽ സാനിറ്റേഷൻ വർക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ തീയതിയിൽ മരണമടഞ്ഞ എസ്. മണിയന്റെ മകൾ ശ്രീ താര എസ് ആശ്രിത നിയമനത്തിനായി 23.02.2012 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ടിയാൾക്ക ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. പരാമർശം(3) പ്രകാരം എൽ ഡി ക്ലാർക്ക് തസ്തികയിലേക്കുള്ള വിദ്യാഭ്യാസ യോഗ്യത പ്ലസ് ടു പാസ് എന്നാക്കി ഉയർത്തിയിരുന്നു.ശ്രീമതി താര എസ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ച സമയത്ത് എസ്.എസ്.എൽ.സി മാത്രമായിരുന്നു ടിയാളുടെ യോഗ്യത ആയതിനാൽ ടിയാൾക്ക് ഓഫീസ് അറ്റൻഡന്റ് തസ്തികയിലാണ് നിയമനം നൽകിയത്. എന്നാൽ പരാമർശം (4) ഉത്തരവ് പ്രകാരം എൽ ഡി ക്ലാർക്ക് യോഗ്യത പ്ലസ് ടു

ൽ നിന്നും എസ്.എസ്.എൽ.സി ആയി നിലനിർത്തിയ സാഹചര്യത്തിൽ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിയമനം നല്കണമെന്ന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ക്ലാസ് ഫോർ, ക്ലാസ് ത്രീ തസ്തികകളിലേതിലെങ്കിലും യോഗ്യതയ്ക്കനുസൃതമായും ലഭ്യമാകുന്ന ഒഴിവുകൾക്കനുസൃതമായും നിയമനം നൽകാവുന്നതാണ്. ഒരു പ്രത്യേക ഉദ്യോഗം തന്നെ നല്കണമെന്ന് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആശ്രിത നിയമന വ്യവസ്ഥ പ്രകാരം ഒരു ഉദ്യോഗത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആശ്രിതൻ എന്ന നിർവചനത്തിൽ നിന്നു പുറത്താവുകയും ചെയ്യുന്നു. ആശ്രിത നിയമനമെന്നത് സർക്കാർ നൽകുന്ന ഒരു ആനുകൂല്യം മാത്രമാണ്. ഒരിക്കൽ ടി ആനുകൂല്യം ലഭ്യമായ സ്ഥിതിക്ക് അതേ ആനുകൂല്യം അനുഭവിച്ചുകൊണ്ട് വീണ്ടും മറ്റൊരുദ്യോഗം നല്കാൻ വ്യവസ്ഥയുമില്ല. ആയതിനാൽ, എൽ. ഡി ക്ലർക്കായി നിയമനം നൽകണമെന്ന ശ്രീമതി. താര എസ്-ന്റെ പരാമർശം (2) പ്രകാരമുള്ള അനക്ഷർ-എ5 നിവേദനത്തിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

5. പരാമർശം (5) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി താര എസ്,ഓഫീസ് അറ്റൻഡന്റ്,തിരുവനന്തപുരം നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ